**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4190 21/07/2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

## കാർഷിക നയം

ചോദ്യം

**ശ്രീ.സി.പി.മുഹമ്മദ്**
**,, എ.പി.അബ്ദുള്ളക്കുട്ടി**
**,, ഹൈബി ഈഡൻ**
**,, വി.ഡി.സതീശൻ**

മറുപടി

**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

| ചോദ്യം | മറുപടി |
| --- | --- |
| എ) കാർഷിക നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; | എ) കാർഷിക നയത്തിന് സർക്കാർ 28.03.2015 സ.ഉ (പി)59/15 കൃഷി പ്രകാരം അംഗീകാരം നല്കിയിട്ടുണ്ട്. |
| ബി) കാർഷിക നയം നടപ്പാക്കുന്നത് വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; | ബി) കൃഷി ഭൂമി പരമാവധി ഉപയോഗപ്പെടുത്തി കാർഷിക വൃത്തിയിൽ നിന്നു വരുമാനം ഉറപ്പാക്കുക, കർഷകർക്കും കർഷകത്തൊഴിലാളികൾക്കും മാന്യത ഉറപ്പാക്കുക, കൃഷി ഭൂമിയുടെ സുസ്ഥിര സംരക്ഷണം ഉറപ്പാക്കുക, കൃഷിയും പരിസ്ഥിതി സംരക്ഷണവും നിലനിർത്തുക, കാർഷിക ഗവേഷണങ്ങൾ കൂടുതൽ കർഷകർക്കു പ്രയോജനകരമാക്കുക, യുവതലമുറയെ കൃഷിയിലേക്കാകർഷിക്കുക തുടങ്ങിയ വിവിധ ലക്ഷ്യങ്ങളാണ് കാർഷിക വികസന നയം നടപ്പാക്കുന്നതു വഴി കൈവരിക്കുവാൻ ലക്ഷ്യമിടുന്നത്. |
| സി) കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ? | സി) കർഷകത്തൊഴിലാളികളുടെ ക്ഷാമം കുറയ്ക്കുന്നതിനായി പഞ്ചായത്തു തലത്തിൽ തൊഴിൽ ബാങ്കുകൾ തുടങ്ങുന്നതിന് നയത്തിൽ ശുപാർശ ചെയ്തിട്ടുണ്ട്.<br>കാർഷിക രംഗത്ത് നൂറു ദിവസത്തിൽ കുറയാതെ ജോലി ചെയ്യുന്ന എല്ലാ കർഷകത്തൊഴിലാളികൾക്കും പ്രോത്സാഹന ധനസഹായം നല്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. |

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**